بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 30.08.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ഇഫ്ക് സംഭവത്തിന്റെ കാരണം

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ജർമൻ ജൽസക്കു മുമ്പ് തിരുനബി(സ)യുടെ ചരിത്രത്തെ സംബന്ധിച്ചാണ് പറഞ്ഞുവന്നിരുന്നത്. അതിൽ ഹദ്റത്ത് ആയിശ(റ)യെ സംബന്ധിച്ച ഇഫക് സംഭവത്തെ പറ്റിയും പറഞ്ഞിട്ടുണ്ടായിരുന്നു. അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മുന്നറിയിപ്പിനെ സംബന്ധിച്ച പ്രവചനങ്ങൾ തൗബ, ഇസ്തിഗ്ഫാർ, ദുആ, സ്വദഖ തുടങ്ങിയ കാര്യങ്ങൾ ഉണ്ടാകുമ്പോൾ അകറ്റുന്നു എന്നത് അല്ലാഹുവിന്റെ ചര്യയിൽ പെട്ടതാണ്. അതുപോലെ മനുഷ്യനും അല്ലാഹു ഇതേ സ്വഭാവം തന്നെയാണ് പഠിപ്പിച്ചിട്ടുള്ളത്. ഖുർആനിന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ മനസ്സിലാക്കാൻ കഴിയുന്നത് ഹദ്റത്ത് ആയിശ(റ)യെ സംബന്ധിച്ച് മുനാഫിഖീംകൾ തികച്ചും മോശമായി വ്യാജാരോപണം ഉന്നയിച്ചിട്ടുണ്ടായിരുന്നു. അതേപ്പറ്റിയുള്ള ചർച്ചയിൽ ചില ശുദ്ധഗതിക്കാരായ സ്വഹാബാക്കളും ഉൾപ്പെടുകയുണ്ടായി. അതിൽ ഒരു സ്വഹാബി ഹദ്റത്ത് അബൂബക്കർ(റ)ന്റെ വീട്ടിൽനിന്നാണ് രണ്ടുനേരം ഭക്ഷണം കഴിച്ചിരുന്നത്. ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തിന്റെ ഈ പിഴവിൽ താക്കീത് എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ അനാവശ്യ ചെയ്തി കാരണം താൻ ഇനി അദ്ദേഹത്തിന് ഭക്ഷണം കൊടുക്കുന്നതല്ല എന്ന് ശപഥം ചെയ്തിരുന്നു. അതേ തുടർന്ന് وَلۡيَعۡفُوۡا وَلۡيَصۡفَحُوۡا ؕ اَلَا تُحِبُّوۡنَ اَنۡ يَّغۡفِرَ اللّٰهُ لَكُمۡ ؕ وَاللّٰهُ غَفُوۡرٌ رَّحِيۡمٌ എന്ന ആയത്ത് ഇറങ്ങി. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) തന്റെ ശപഥം ഒഴിവാക്കുകയും പഴയതുപോലെ തന്നെ ഭക്ഷണം കൊടുത്തു തുടങ്ങുകയും ചെയ്തു.

അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇതിന്റെ അടിസ്ഥാനത്തിൽ ഇസ്ലാമിക ധാർമിക ഗുണങ്ങളിൽ ഉൾപ്പെടുന്ന ഒരു കാര്യം എന്തെന്നാൽ, ആരെങ്കിലും മുന്നറിയിപ്പ് എന്ന നിലയ്ക്ക് വല്ല ശപഥവും ചെയ്തിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നത് ധാർമിക ഗുണങ്ങളിൽ ഉൾപ്പെടുന്നു. ഉദാഹരണമായി ആരെങ്കിലും തന്റെ സേവകനെ സംബന്ധിച്ച് ഞാൻ തീർച്ചയായും അയാളെ 50 ഭേദ്യം ചെയ്യും എന്ന് ശപഥം ചെയ്യുകയാണെങ്കിൽ അയാൾ പശ്ചാത്തപിക്കുകയും വിലപിക്കുകയും ചെയ്യുമ്പോൾ മാപ്പ് കൊടുക്കുന്നതാണ് ഇസ്ലാമിന്റെ ചര്യ. അങ്ങനെയാകുമ്പോൾ ആ ധാർമിക സ്വഭാവം ദൈവിക സ്വഭാവമായി മാറുന്നു. എന്നാൽ വാഗ്ദാന ലംഘനം അനുവദനീയമല്ല എന്ന് വ്യക്തമാണ്. വാഗ്ദാന ലംഘനം നടത്തുകയാണെങ്കിൽ അതേപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്. അതേസമയം തന്റെ താക്കീതുകൾ ഒഴിവാക്കുന്നത് അങ്ങനെയല്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തന്റെ സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന പുസ്തകത്തിൽ ഇഫ്ക് സംഭവം ബുഖാരിയുടെ നിവേദനങ്ങളുടെ വെളിച്ചത്തിൽ എഴുതുന്നു, ഇത് സംബന്ധിച്ച് ഈ നിവേദനം എല്ലാ നിവേദനങ്ങളെക്കാളും വിശദീകരണം ഉള്ളതും ബന്ധമുള്ളതും ആകുന്നു. ഈ നിവേദനത്തിലൂടെ തിരുനബി(സ)യുടെ കുടുംബജീവിതത്തിലും വളരെ നല്ല രീതിയിൽ വെളിച്ചം വീശുന്നുണ്ട്. അതിനെ ഒരു ചരിത്രകാരനും അവഗണിക്കാൻ സാദ്ധ്യമല്ല. യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിലും ഈ നിവേദനം സംശയങ്ങൾക്ക് യാതൊരു തരത്തിലും ഇടം തരാത്ത ഉന്നതമായ തലത്തിലുള്ളതാണ്. അതേസമയം എത്രമാത്രം ഭയാനകമായ ഒരു ഫിത്നയായിരുന്നു മുനാഫിക്കീങ്ങൾ പടച്ചുണ്ടാക്കിയത് എന്നതാണ് ഏറെ ചിന്തനീയമായ കാര്യം.

ഈ സംഭവത്തിൽ ചാരിത്രവതിയും വളരെ ഭയഭക്തയും പരിശുദ്ധയുമായ ഒരു സ്ത്രീയുടെ ചാരിത്രത്തെ മാത്രമല്ല ആക്രമിക്കുന്നത്,

മറിച്ച് അതിന്റെ വലിയൊരു ഉദ്ദേശം, നേർക്ക് നേരെ നബി[സ]യുടെ അന്തസ്സിന് കോട്ടം തട്ടിക്കുകയും അങ്ങനെ ഇസ്‌ലാമിക സമൂഹത്തിൽ വളരെ ഭയാനകമായ ഒരു കോളിളക്കം സൃഷ്ടിക്കുകയും ആയിരുന്നു. മുനാഫിക്കീങ്ങൾ ഈ നീചവും നികൃഷ്ടവുമായ ആരോപണത്തെ ചർച്ച വിഷയമാക്കി; അങ്ങനെ ചില ശുദ്ധഗതിക്കാരായ അതേസമയം സത്യസന്ധരുമായ മുസ്‌ലിംകൾക്കും അക്കൂട്ടരുടെ അളവുകോൽ അനുസരിച്ച് കാലിടറുകയുണ്ടായി. അതിൽ ഹസ്സാൻ ബിൻ സാബിത്, ഹംന ബിൻത് ജഹ്ശ്, മസ്തഹ് ബിൻ അഥാഥ[റ] എന്നിവരുടെ പേരുകൾ പ്രത്യേകമായും പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആയിശ[റ] തന്റെ ഉന്നതമായ ധാർമിക ബോധം അനുസരിച്ച് അവർക്ക് എല്ലാം മാപ്പു കൊടുത്തു. അവർ അത് സംബന്ധിച്ച് ഒരിക്കലും ഇവരോട് മനസ്സിൽ വെറുപ്പ് വച്ചുപുലർത്തിയില്ല.

ആരോപണത്തിന്റെ കാരണത്തെപ്പറ്റി വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: നമ്മൾ നോക്കേണ്ട ഒരു സംഗതിയുണ്ട്, ഹദ്റത്ത് ആയിശ[റ]യ്ക്ക്മേൽ ആരോപണം ഉന്നയിച്ചവരുടെ യഥാർഥ ലക്ഷ്യം എന്തായിരുന്നു? അവർക്ക് ഹദ്റത്ത് ആയിശയോടുള്ള എന്തെങ്കിലും ശത്രുതയായിരുന്നില്ല കാരണം. ഈ ആരോപണത്തിന് രണ്ട് കാരണങ്ങൾ ആകാനേ തരമുള്ളൂ, ഒന്നുകിൽ ഈ ആരോപണം സത്യമായിരിക്കണം. നഊദുബില്ലാഹ് അത് ഒരു വിശ്വാസിക്ക് ഒരു നിമിഷ നേരത്തേക്ക്പോലും അംഗീകരിക്കാൻ സാധ്യമല്ല. പ്രത്യേകിച്ചും അല്ലാഹു വാനലോകത്ത്നിന്ന് തന്നെ ഈ ദുരാരോപണത്തിന്റെ മുനയൊടിച്ചിരിക്കുന്നു. രണ്ടാമതായി, ഈ ആരോപണം തിരുനബി[സ]നും അബൂബക്കർ[റ]നും (അന്തസ്സിനു)കോട്ടം തട്ടിക്കാൻ ആകാനേ നിവൃത്തിയുള്ളൂ. അവർ ഒരാളുടെ ഭാര്യയും മറ്റൊരാളുടെ മകളും ആകുന്നു. ഈ രണ്ട് വ്യക്തിത്വങ്ങൾക്കും ദുഷ്പേര് ഉണ്ടാക്കുകയാണെങ്കിൽ രാഷ്ട്രീയപരമായും ശത്രുത കാരണത്താലും ചില ആളുകൾക്ക് പ്രയോജനം ഉണ്ടാകാൻ സാധ്യതയുണ്ട്. തിരുനബി[സ]ക്ക് ഉണ്ടായിരുന്ന സ്ഥാനം ആരോപണമുന്നയിക്കുന്ന ആർക്കും തന്നെ തട്ടിപ്പറിക്കാൻ സാധ്യമായിരുന്നില്ല. അവരുടെ മുന്നിൽ ഉണ്ടായിരുന്ന അസ്വസ്ഥത തിരുനബി[സ]ക്ക്ശേഷം തങ്ങളുടെ ലക്ഷ്യങ്ങൾ പൂർത്തിയാകുന്ന കാര്യത്തിൽ നഷ്ടപ്പെട്ടവർ ആകുമോ എന്നതായിരുന്നു. നബി[സ]യുടെ ഖലീഫ ആകാൻ ആരെങ്കിലും അർഹൻ ആയിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് അബൂബക്കർ[റ] മാത്രമാണെന്നും അവർ കാണുന്നുണ്ടായിരുന്നു. ഈ അപകടത്തെ മണത്തുകൊണ്ട് അവർ ഹദ്റത്ത് ആയിശ[റ]ക്കെതിരെ ആരോപണമുന്നയിച്ചതാണ്. അങ്ങനെ തിരുനബി[സ]യുടെ ദൃഷ്ടിയിൽ ഹദ്റത്ത് ആയിശയെ മോശക്കാരിയാക്കാനും തുടർന്ന് ഹദ്റത്ത് അബൂബക്കർ[റ]ന് മുസ്‌ലിംകൾക്ക് ഇടയിൽ ഉണ്ടായിരുന്ന സ്ഥാനം ഇല്ലാതാകുമെന്നും അങ്ങനെ തിരുനബി[സ]ക്ക് ശേഷം ഹദ്റത്ത് അബൂബക്കർ[റ] ഖലീഫയാകുന്നതിനുള്ള വഴി പൂർണമായും അടക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നു, മദീനയിൽ ഉണ്ടായിരുന്ന അറബികളുടെ ഔസ്, ഖസ്റജ് എന്നീ രണ്ട് പ്രബല ഗോത്രങ്ങൾ എപ്പോഴും യുദ്ധം ചെയ്തുകൊണ്ട് രക്തചൊരിച്ചിൽ നടത്തിക്കൊണ്ടിരുന്നു. അവർ പരസ്പരം രഞ്ജിപ്പിലാകാമെന്നും പരസ്പരം ഐക്യത്തോടെ വർത്തിക്കാമെന്നും അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെ തങ്ങളുടെ നേതാവാക്കാമെന്നും തീരുമാനിച്ചു. ഇതിനിടയിൽ കുറച്ച് ഹാജിമാർ മക്കയിൽനിന്ന് തിരിച്ചുവരികയും അവസാന കാലഘട്ടത്തിലെ നബി മക്കയിൽ വെളിപ്പെട്ടിരിക്കുന്നു എന്നും തങ്ങൾ അദ്ദേഹത്തിന് ബൈഅത്ത് ചെയ്തിരിക്കുന്നു എന്നും വിളംബരപ്പെടുത്തുകയുണ്ടായി. ജനങ്ങൾ അപേക്ഷിച്ചതു പ്രകാരം തങ്ങളുടെ ശിക്ഷണത്തിനും പ്രചാരണത്തിനും തിരുനബി[സ] ഒരു സ്വഹാബിയെ മുബല്ലിഗ് ആയി അയച്ചു. മദീനയിൽ നിരവധി പേർ ഇസ്‌ലാമിലേക്ക് പ്രവേശിച്ചു. (തുടർന്ന് നബി[സ] സഹാബാക്കളോടൊപ്പം മദീനയിലേക്ക് എത്തി.) അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ തന്റെ രാജാധികാരത്തിനുള്ള സകല സാധ്യതകളും നഷ്ടപ്പെടുന്നതായി കണ്ടു. മാത്രമല്ല, തിരുനബി[സ]നുശേഷം മുസ്‌ലിങ്ങളുടെ ദൃഷ്ടി ഹദ്റത്ത് അബൂബക്കറിലേക്കാണ് നീളുന്നതെന്നും അയാൾക്ക് ബോദ്ധ്യമായി. അദ്ദേഹത്തെ അപമാനിച്ചുകൊണ്ട് (ജനങ്ങളുടെ ദൃഷ്ടിയിലും) നബി[സ]യുടെ ദൃഷ്ടിയിലും വീണുപോകും എന്ന് അയാൾ കരുതി. ഈ ഈ ദുർവിചാരം പൂർത്തിയാക്കുന്നതിന് ഉള്ള അവസരം അയാൾക്ക് കിട്ടിയത് ഹദ്റത്ത് ആയിശ[റ] ഒരു യുദ്ധത്തിൽ പിന്നിലായി പോയ സന്ദർഭത്തിൽ ആയിരുന്നു. ആ ദുർഭഗൻ അവർക്കെതിരിൽ വളരെ മോശമായ ആരോപണങ്ങൾ ഉന്നയിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ], ഇഫ്ക്ക് സംഭവത്തിന് ഹദ്റത്ത് അബൂബക്കർ[റ]ന്റെ ഖിലാഫത്തുമായുള്ള ബന്ധം വിവരിച്ചുകൊണ്ട് എഴുതുന്നു:

സൂറഃ നൂറിന്റെ പ്രാരംഭം മുതൽ അവസാനം വരെയും ഒരേ വിഷയമാണ് വിവരിച്ചിട്ടുള്ളത്. ഏറ്റവും ആദ്യം ഹദ്റത്ത് ആയിശ(റ)യ്ക്കെതിരെ ഉയർന്ന ആരോപണം ആണുള്ളത്. ഈ ആരോപണത്തിന്റെ തൊട്ടടുത്തു തന്നെ ഖിലാഫത്തിനെ കുറിച്ച് പരാമർശിച്ചിരിക്കുന്നു. പറയുന്നു: ഖിലാഫത്ത് രാജാധികാരമല്ല; ഇത് ദൈവിക പ്രകാശത്തെ നിലനിർത്തുന്നതിനുള്ള മാർഗം ആകുന്നു. അതുകൊണ്ട് അതിന്റെ സ്ഥാപനം അല്ലാഹു തന്റെ കൈകളിലാണ് വെച്ചിട്ടുള്ളത്. അതുകൊണ്ട് ഈ പ്രകാശത്തെ അവൻ തീർച്ചയായും നിലനിർത്തുകയും താൻ ഇഷ്ടമുള്ളവരെ ഖലീഫയാക്കുകയും ചെയ്യും. മാത്രമല്ല മുസ്ലിംകളിൽനിന്ന് ഒരാളെയല്ല പലരെയും ഖിലാഫത്ത് സ്ഥാനത്ത് അവരോധിച്ച്കൊണ്ട് ഈ പ്രകാശത്തിന്റെ കാലഘട്ടത്തെ ദീർഘിപ്പിക്കുന്നതാണെന്നും അവൻ വാഗ്ദാനം ചെയ്യുന്നു. നിങ്ങൾ ആക്ഷേപം ഉന്നയിക്കുന്നുവെങ്കിൽ ഉന്നയിച്ചു കൊള്ളുക. നിങ്ങൾക്ക് ഖിലാഫത്തിനെ ഇല്ലാതാക്കുന്നതിനോ ഹദ്റത്ത് അബൂബക്കറിനെ ഖിലാഫത്തിൽനിന്ന് ഒഴിവാക്കാനോ സാധ്യമല്ല. കാരണം ഖിലാഫത്ത് ഒരു പ്രകാശമാകുന്നു. ആ പ്രകാശം ദൈവിക പ്രകടനത്തിനുള്ള ഒരു മാർഗ്ഗമാകുന്നു. അതിനെ മനുഷ്യന് തന്റെ ഉപായങ്ങൾ മുഖേന എങ്ങനെ അതിനെ ഇല്ലാതാക്കാൻ കഴിയും?

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രവാചകന്മാരുടെ അവസ്ഥയും ഇതുതന്നെയാണ്. അല്ലാഹു ഏതെങ്കിലും കാര്യത്തെക്കുറിച്ച് അറിവ് നൽകുമ്പോൾ അവർ അതിൽനിന്ന് പിന്മാറുകയോ അത് സ്വീകരിക്കുകയോ ചെയ്യുന്നു. നോക്കുക, ഹദ്റത്ത് ആയിശ(റ)യെ സംബന്ധിച്ചു ഇഫ്ക് ആരോപണം ഉണ്ടായപ്പോൾ തുടക്കത്തിൽ ഒരു അറിയിപ്പും ലഭ്യമായില്ല. എത്രത്തോളം എന്നാൽ ആയിശ(റ) തന്റെ പിതാവിന്റെ വീട്ടിലേക്ക് പോവുകയുണ്ടായി. തിരുനബി(സ)യും അവരോട് പറഞ്ഞു; എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ തൗബ ചെയ്യുക. ഈ സംഭവങ്ങൾ കാണുമ്പോൾ വ്യക്തമായി മനസ്സിലാകുന്ന കാര്യം നബി(സ)ക്ക് എത്ര മാത്രം പരിഭ്രമം ഉണ്ടായിരുന്നു എന്നാണ്. എന്നാൽ ഒരു സമയം വരെയും അതിന്റെ രഹസ്യം തിരുനബി(സ)ക്ക് വെളിപ്പെട്ടില്ല. പക്ഷേ അല്ലാഹു തന്നെ നിരപരാധിത്വം വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു:

اَلْخَبِيْثٰتُ لِلْخَبِيْثِيْنَ وَالْخَبِيْثُوْنَ لِلْخَبِيْثٰتِ ۚ
وَالطَّيِّبٰتُ لِلطَّيِّبِيْنَ وَالطَّيِّبُوْنَ لِلطَّيِّبٰتِ ۚ .

അപ്പോഴാണ് തിരുനബി(സ)ക്ക് ഇഫ്കിന്റെ യാഥാർത്ഥ്യം മനസ്സിലായത്. അതുകൊണ്ട് തിരുനബി(സ) യുടെ പ്രൗഢിക്ക് വല്ല വ്യത്യാസവും വന്നുവോ? ഒരിക്കലുമില്ല. ഇത്തരത്തിൽ സംശയിക്കുന്നവർ പോലും അക്രമിയും ദൈവാഭിമുഖ്യമില്ലാത്തവനുമാണ്. ഇത് കുഫ്റിലേക്ക് നയിക്കുന്നതാണ്. തങ്ങൾ അദൃശ്യകാര്യങ്ങൾ അറിയുന്നവരാണെന്ന് തിരുനബി(സ)യോ ഇതര പ്രവാചകന്മാരോ വാദിച്ചിട്ടില്ല. അദൃശ്യകാര്യങ്ങൾ അറിയുക എന്നത് അല്ലാഹുവിന്റെ പ്രൗഢിയാകുന്നു.

നിവേദനങ്ങളിൽ ആരോപണമുന്നയിക്കുന്നവരുടെ എണ്ണം വ്യത്യസ്തമായാണ് വിവരിച്ചിട്ടുള്ളത്. നിവേദനങ്ങളിൽ 3, 10, 15, 40 എന്നൊക്കെ എഴുതിയിരിക്കുന്നു. ഇഫ്ക് സംഭവത്തിൽ ഉൾപ്പെട്ടവർക്കുള്ള ശിക്ഷയെ സംബന്ധിച്ചും വ്യത്യസ്ത അഭിപ്രായമുണ്ട്. സുനൻ അബുദാവൂദിലുള്ള നിവേദനത്തിൽ രണ്ട് പുരുഷന്മാർക്കും ഒരു സ്ത്രീക്കും ശിക്ഷ വിധിച്ചു എന്നാണുള്ളത്. ഇവർ ഹസാൻ ബിൻ സാബിത്തും മസ്തഹ് ബിൻ അസാസയും ആയിരുന്നു. സ്ത്രീ ഹംന ബിൻത് ജഹ്ശ് ആയിരുന്നു. ഒരു നിവേദനം അനുസരിച്ച് നബി(സ) ആർക്കും ശിക്ഷ നൽകിയിട്ടില്ല. മറ്റൊരു നിവേദനത്തിൽ തിരുനബി(സ) അബ്ദുല്ലാഹ് ബിൻ ഉബയ്യിനും മസ്തഹ് ബിൻ അസാസക്കും ഹസ്സാൻ ബിൻ സാബിത്തിനും ഹംന ബിൻത് ജഹ്ശിനും ചാട്ടയടി നൽകുകയുണ്ടായി എന്ന് വന്നിരിക്കുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) സൂറഃ നൂറിലെ 36 ാമത്തെ ആയത്തിന്റെ വിശദീകരണത്തിൽ എഴുതുന്നു: ഈ ആരോപണമുന്നയിച്ചവരിൽ ഓരോരുത്തർക്കും അവർ ഭാഗഭാക്കായത് അനുസരിച്ചാണ് ശിക്ഷയും കിട്ടിയത്. എല്ലാ ഫിത്നകളുടെയും കേന്ദ്രം ആയിരുന്ന അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന് ചാട്ടവാറടിയും പിന്നെ അല്ലാഹുവിൽനിന്ന് വേറെ ശിക്ഷയും ലഭിക്കുകയുണ്ടായി. നബി(സ)ന്റെ ജീവിത കാലത്തു തന്നെ വളരെ പ്രയാസം അനുഭവിച്ചുകൊണ്ട് നശിപ്പിക്കപ്പെടുകയുണ്ടായി. (ഇത് ഇവിടെ അവസാനിക്കുകയാണ്.)

ഇനി ജർമനി ജൽസയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, പങ്കെടുത്തവരിൽ അന്യരായ ആളുകളും ആദ്യമായി പങ്കെടുത്തവരും നല്ല പോസിറ്റീവ് ആയിട്ടാണ് പ്രതികരിച്ചത്. അവർ വലിയ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.

അതുപോലെ മീഡിയ മുഖേനയും വാർത്തകൾ മുഖേനയും മില്യൺ കണക്കിന് ആളുകളിലേക്ക് അഹ്മദിയത്തിന്റെ, ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളുടെ സന്ദേശം എത്തുകയുണ്ടായി. അല്ലാഹു അതിന്റെ നല്ലതും കാലാതിവർത്തിയുമായ ഫലങ്ങൾ നൽകുമാറാകട്ടെ. അഹ്മദികൾക്കും ശരിയായ നിലയിൽ ഫലമെടുക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ദുആ ചെയ്യുന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ് അല്ലാഹു അവന്റെ അനുഗ്രഹങ്ങളുടെ പുതപ്പിൽ എപ്പോഴും നമ്മെയും വയ്ക്കുമാറാകട്ടെ.

(യുദ്ധം കാരണത്താൽ) അഹ്മദികളും സുഡാനിലെ വ്യത്യസ്ത സ്ഥലങ്ങളിലേക്ക് തങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനും സമാധാനത്തിനും വേണ്ടി ചിതറി പിരിഞ്ഞിരിക്കുന്നു. ഇപ്പോഴും ഇവർ വിവിധ സ്ഥലങ്ങളിൽ പ്രയാസത്തിലും ദാരിദ്ര്യത്തിലും ജീവിച്ചുകൊണ്ടിരിക്കുന്നു. അഹ്മദികളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുമാറാകട്ടെ. അല്ലാഹു അവരുടെ അവസ്ഥകളെ മാറ്റുമാറാകട്ടെ. രാജ്യത്ത് പടർന്നിട്ടുള്ള ഫസാദ് അല്ലാഹു എത്രയും പെട്ടെന്ന് അവസാനിപ്പിക്കുമാറാകട്ടെ. അവർക്കുമേൽ അല്ലാഹു കരുണ ചൊരിയട്ടെ. പരസ്പരം കടമകൾ നിറവേറ്റുന്നവരായി തീരുമാറാകട്ടെ. ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിം സഹോദരനോടുള്ള കടമ നിർവഹിക്കാൻ കഴിയുമാറാകട്ടെ. ഇസ്‌ലാമിക രാജ്യങ്ങളിൽ പടർന്നിട്ടുള്ള ഫസാദുകൾ അല്ലാഹു അകറ്റുമാറാകട്ടെ. അഹ്മദികൾക്ക് യഥാർത്ഥ രീതിയിൽ സമാധാനത്തോടുകൂടി ജീവിതം കഴിച്ചുകൂട്ടാൻ തൗഫീഖ് നൽകുമാറാകട്ടെ.

* * * * * * *

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ ۔ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 30.08.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516